## മധുരമായ കുട്ടികളേ, ബാബ നിങ്ങൾക്ക് സംഗമയുഗത്തിൽ ഏതെല്ലാം സ്മൃതികളാണോ നൽകിയിട്ടുള്ളത്, അവയെ സ്മരിക്കുകയാണെങ്കിൽ സദാ സന്തോഷത്തോടെയിരിക്കാം.

**ചോദ്യം–** സദാ ഭാരരഹിതമായിരിക്കാനുള്ള യുക്തി എന്താണ്? ഏതൊരു സാധന സ്വീകരിക്കുകയാണെങ്കിൽ സന്തോഷത്തോടെയിരിക്കാൻ സാധിക്കും?

**ഉത്തരം–** സദാ ഭാരരഹിതമായിരിക്കുന്നതിനു വേണ്ടി ഈ ജന്മത്തിൽ എന്തെല്ലാം പാപങ്ങളാണോ ഉണ്ടായിട്ടുള്ളത്, അതെല്ലാം അവിനാശി സർജന്റെ മുന്നിൽ വെയ്ക്കൂ. ബാക്കി ശിരസ്സിലുള്ള ജന്മജന്മാന്തരങ്ങളിലെ പാപഭാരത്തെ ഇല്ലാതാക്കുന്നതിനായി ഓർമ്മയുടെ യാത്രയിലിരിക്കൂ. ഓർമ്മയിലൂടെയാണ് പാപം നശിക്കുന്നത്, പാപം നശിക്കുമ്പോൾ സന്തോഷമുണ്ടാകും. ബാബയുടെ ഓർമ്മയിലൂടെ ആത്മാവ് സതോപ്രധാനമായിത്തീരും.

**ഓം ശാന്തി**. മധുരമധുരമായ ആത്മീയ കുട്ടികൾക്ക് ആത്മീയ അച്ഛൻ മനസ്സിലാക്കിത്തരുന്നു– നിങ്ങൾക്ക് സ്മൃതിയുണർന്നു കഴിഞ്ഞു, നമ്മൾ ആദി സനാതന ദേവീദേവതാ ധർമ്മത്തിലായിരുന്നു, നമ്മൾ രാജ്യം ഭരിച്ചിരുന്നു, വിശ്വത്തിന്റെ അധികാരികളായിരുന്നു. ആ സമയത്ത് മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. നമ്മൾ തന്നെയാണ് സത്യയുഗം മുതൽ ജന്മങ്ങളെടുത്ത് ഇപ്പോൾ 84 ജന്മം പൂർത്തിയാക്കിയത്. മുഴുവൻ വൃക്ഷത്തിന്റെയും സ്മൃതിയും വന്നു കഴിഞ്ഞു. നമ്മൾ ദേവതകളായിരുന്നു പിന്നീട് രാവണ രാജ്യത്തിലേക്ക് വന്നതിനു ശേഷം ദേവീദേവതകൾ എന്നു പറയാനുള്ള യോഗ്യതയില്ലാതായി, അതുകൊണ്ട് മറ്റൊരു ധർമ്മത്തിലേതാണെന്ന് മനസ്സിലാക്കി. മറ്റൊരു ധർമ്മത്തിന്റെയും പേരിന് മാറ്റം വരുന്നില്ല. ക്രിസ്തുവിന്റെ ക്രിസ്ത്യൻ ധർമ്മം, ബുദ്ധന്റെ ബുദ്ധധർമ്മം ഒക്കെത്തന്നെയാണ് ഇപ്പോഴും ഉള്ളത്. ബുദ്ധൻ ഏത് സമയത്താണ് വന്ന് ധർമ്മം സ്ഥാപിച്ചത് എന്നതിനെക്കുറിച്ച് ഏല്ലാവരുടെയും ബുദ്ധിയിലുണ്ട്. ഹിന്ദുക്കൾക്ക് അവനവന്റെ ധർമ്മത്തെക്കുറിച്ച് അറിയില്ല. നമ്മുടെ ഹിന്ദു ധർമ്മം എപ്പോൾ മുതൽ ആരംഭിച്ചു, ആര് സ്ഥാപിച്ചു?... ലക്ഷക്കണക്കിന് വർഷം എന്നു പറയുന്നു. മുഴുവൻ സൃഷ്ടി ചക്രത്തിന്റെയും ജ്ഞാനം നിങ്ങൾ കുട്ടികളിലുണ്ട്, ഇതിനെയാണ് ജ്ഞാന-വിജ്ഞാനം എന്നു പറയുന്നത്. മറ്റുള്ള മനുഷ്യർ വിജ്ഞാനഭവനം എന്ന പേര് നൽകിയിട്ടുണ്ട് പക്ഷേ ബാബ അതിന്റെ അർത്ഥം മനസ്സിലാക്കിത്തരുന്നു– ജ്ഞാനവും യോഗവും, രചയിതാവിന്റേയും രചനയുടേയും ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനമാണ്. ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി, ആദ്യം നമുക്കും അറിയില്ലായിരുന്നു, അന്ന് നമ്മൾ നാസ്തികരായിരുന്നു. സത്യയുഗത്തിൽ ഈ ജ്ഞാനം ഉണ്ടായിരിക്കുകയില്ല. ഇപ്പോൾ നിങ്ങളെ ടീച്ചർ പഠിപ്പിക്കുന്നു. പഠിച്ച് നിങ്ങൾക്ക് രാജ്യഭാഗ്യം ലഭിക്കുന്നു കാരണം നിങ്ങൾക്ക് വസിക്കുന്നതിനായി പുതിയ സൃഷ്ടി ആവശ്യമാണ്. ഈ പഴയ സൃഷ്ടിയിൽ പവിത്രമായ ദേവതകളുടെ കാലുകൾ ഒരിക്കലും പതിയില്ല. ബാബ വന്ന് നിങ്ങൾക്കു വേണ്ടി പഴയ ലോകത്തെ നശിപ്പിച്ച് പുതിയ ലോകത്തെ സ്ഥാപിക്കുന്നു. നമുക്ക് വേണ്ടി തീർയായും വിനാശം സംഭവിക്കും. കൽപ്പകൽപ്പാന്തരം നമ്മൾ ഈ പാർട്ട് അഭിനയിക്കുന്നു. ബാബ ചോദിക്കുന്നു ഇതിനുമുമ്പ് എപ്പോഴെങ്കിലും നമ്മൾ കണ്ടിട്ടുണ്ടോ? അപ്പോൾ പറയുന്നു-ബാബാ ഓരോ കൽപ്പവും കാണുന്നു, അങ്ങിൽ നിന്നും രാജ്യഭാഗ്യം നേടുന്നു. കൽപ്പം മുൻപും പരിധിയില്ലാത്ത സുഖത്തിന്റെ രാജ്യഭാഗ്യം ലഭിച്ചിരുന്നു. ഇപ്പോൾ എന്തെല്ലാം കാര്യങ്ങളാണോ സ്മൃതിയിലേക്ക് വന്നത്, അതിനെയെല്ലാം സ്മരിച്ചു കൊണ്ടിരിക്കണം, ഇതിനെയാണ് ബാബ സ്വദർശനചക്രം എന്നു പറയുന്നത്. നമ്മൾ ആദ്യം സതോപ്രധാനമായിരുന്നു. ഓരോ ആത്മാക്കൾക്കും അവരവരുടേതായ പാർട്ട് ലഭിച്ചിട്ടുണ്ട് എന്നൊരു കാര്യവും നിങ്ങളുടെ സ്മൃതിയിലേക്ക് വന്നു കഴിഞ്ഞു. നമ്മൾ ആത്മാക്കൾ ചെറിയതും അവിനാശിയുമാണ്, അതിലെ പാർട്ടും അവിനാശിയാണ്. ഇത് ഉണ്ടായതും ഉണ്ടാക്കപ്പെട്ടിട്ടുള്ളതും ഉണ്ടായിക്കൊണ്ടിരിക്കുന്നതുമാണ്. ഇതിൽ പുതിയ കാര്യങ്ങളൊന്നും തന്നെ കൂട്ടിച്ചേർക്കാനോ ഇല്ലാതാക്കാനോ സാധിക്കില്ല. ആർക്കും തന്നെ മോക്ഷം ലഭിക്കുന്നില്ല. ചിലർ മുക്തിക്കു വേണ്ടി യാചിക്കുന്നു. മുക്തി വേറെയാണ് മോക്ഷം വേറെയാണ്. ഇതും സ്മൃതിയിൽ വെയ്ക്കണം. സ്മൃതിയിലുണ്ടെങ്കിൽ മാത്രമേ മറ്റുള്ളവർക്കും സ്മൃതി ഉണർത്തിക്കൊടുക്കാൻ സാധിക്കൂ. നിങ്ങളുടെ ജോലി തന്നെ ഇതാണ്. ബാബ എന്തെല്ലാമാണോ സ്മൃതിയുണർത്തിത്തന്നത് അത് മറ്റുള്ളവർക്കും സ്മൃതി ഉണർത്തിക്കൊടുക്കുകയാണെങ്കിൽ ഉയർന്ന പദവി പ്രാപ്തമാക്കാൻ സാധിക്കും. ഉയർന്ന പദവി നേടുന്നതിനു വേണ്ടി വളരെയധികം പ്രയത്നിക്കണം. മുഖ്യമായും പ്രയത്നം വേണ്ടത് യോഗത്തിലാണ്. ഇതാണ് ഓർമ്മയുടെ യാത്ര. ഇത് ബാബയ്ക്കല്ലാതെ മറ്റാർക്കും പഠിപ്പിച്ചു തരാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ മനുഷ്യനിൽ നിന്നും ദേവതയായിത്തീരാനുള്ള പഠിപ്പാണ് പഠിക്കുന്നത്. നിങ്ങൾക്കറിയാം നമ്മൾ

വീണ്ടും പുതിയ ലോകത്തിലേക്ക് പോകും. അതിന്റെ പേരു തന്നെ അമരലോകം എന്നാണ്. ഇത് മൃത്യു ലോകമാണ്. ഇവിടെ പെട്ടന്നുതന്നെ മരണം സംഭവിക്കുന്നു. അവിടെ മൃത്യുവിന്റെ പേരോ അടയാളമോ ഇല്ല. കാരണം, ആത്മാവിനെ വാസ്തവത്തിൽ കാലന് വിഴുങ്ങാൻ സാധിക്കില്ല. വിഴുങ്ങാനായി ആത്മാവ് മധുരമായ ഒരു സാധനമല്ലല്ലോ. ഡ്രാമയനുസരിച്ച് സമയമാകുമ്പോൾ ആത്മാവ് ശരീരത്തിൽ നിന്നും പോകുന്നു. ആർക്ക് എതു സമയത്താണോ പോകേണ്ടത്, അവർ ആ സമയത്ത് പോകുന്നു. അല്ലാതെ കാലൻ ആരെയും വന്ന് പിടിക്കുന്നില്ല. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. കാലൻ വന്നു കൊണ്ടുപോകുന്നു എന്നെല്ലാം പറയുന്നത് കെട്ടുകഥകൾ മാത്രമാണ്. അത് അമരലോകമാണ്, അവിടെ ശരീരം നിരോഗിയായിരിക്കും. സത്യയുഗത്തിൽ ഭാരതവാസികൾക്ക് ഉയർന്ന ആയുസ്സ് ഉണ്ടായിരുന്നു. യോഗികളായിരുന്നു. യോഗികളുടെയും ഭോഗികളുടേയും വ്യത്യാസവും ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. നിങ്ങളുടെ ആയുസ്സ് ഇപ്പോൾ അഭിവൃദ്ധി പ്രാപിച്ചു വരുന്നു. എത്രത്തോളം നിങ്ങൾ യോഗത്തിൽ ഇരിക്കുന്നുവോ, അത്രത്തോളം പാപവും ഭസ്മമാകുന്നു പദവിയും ഉയർന്നത് ലഭിക്കുന്നു. ആയുസ്സും ഉയർന്നതാവുന്നു. എങ്ങനെയാണോ രാജാ-റാണിമാർ ആയുസ്സ് പൂർത്തിയാക്കി ശരീരം ഉപേക്ഷിക്കുന്നത്, പ്രജകളും അതുപോലെത്തന്നെയാണ്. പക്ഷേ പദവിയ്ക്ക് വ്യത്യാസമുണ്ടാകുന്നു. ഇപ്പോൾ ബാബ നിങ്ങളോട് പറയുന്നു- അല്ലയോ സ്വദർശനചക്രധാരി കുട്ടികളേ, ഈ അലങ്കാരങ്ങളെല്ലാം നിങ്ങളുടേതാണ്. ഗൃഹസ്ഥവ്യവഹാരത്തിലിരുന്നുകൊണ്ടും കമലപുഷ്പ സമാനം ജീവിക്കുന്നത് നിങ്ങളാണ്, നിങ്ങൾക്കല്ലാതെ മറ്റാർക്കും തന്നെ ഇങ്ങനെ ജീവിക്കാൻ കഴിയില്ല. ഈ ജന്മത്തിൽ നമ്മൾ എത്ര പാപം ചെയ്തു എന്നുള്ളതും സ്മൃതിയിലുണ്ടാവും. അതുകൊണ്ട് ബാബ പറയുന്നു ഇതെല്ലാം അവിനാശീ സർജന്റെ മുന്നിൽ വെയ്ക്കൂ അപ്പോൾ ഭാരരഹിതമായിത്തീരും. ബാക്കി ശിരസ്സിലുള്ള ജന്മജന്മാന്തരങ്ങളിലെ പാപഭാരം ഇല്ലാതാകുന്നതിനു വേണ്ടി യോഗത്തിലിരിക്കണം. യോഗത്തിലൂടെ തന്നെയാണ് പാപം നശിക്കുന്നതും സന്തോഷത്തിലിരിക്കുന്നതും. ബാബയുടെ ഓർമ്മയിലുടെ സതോപ്രധാനമായിത്തിരുന്നു. ഓർമ്മയിലൂടെ നമുക്ക് ഇത്രയും ഉയർച്ചയുണ്ടാകുന്നു എന്ന് അറിയാമെങ്കിൽ പിന്നെ ആര് ഓർമ്മാക്കാതിരിക്കും. പക്ഷേ ഇത് യുദ്ധ മൈതാനമാണ്, ഉയർന്ന പദവിയ്ക്കായി പ്രയത്നിക്കേണ്ടതായുണ്ട്. ഇതും കുട്ടികൾക്ക് സ്മൃതിയിലേക്ക് വന്നു കഴിഞ്ഞു, പരിധിയില്ലാത്ത അച്ഛനിൽ നിന്നും നമ്മൾ ഉയർന്നതിലും ഉയർന്ന സമ്പത്താണ് നേടുന്നത്, കൽപ്പ-കൽപ്പം നേടുന്നു. നിങ്ങളുടെ അടുത്തേക്ക് ധാരാളം പേർ വരുന്നു, വന്ന് മൻമനാഭവ എന്ന മഹാമന്ത്രം മനസ്സിലാക്കുന്നു. മൻമനാഭവയുടെ അർത്ഥം തന്നെ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കി ബാബയെ ഓർമ്മിക്കൂ എന്നതാണ്. മഹാൻ ആത്മാവായിത്തീരുന്നതിനുള്ള മഹാമന്ത്രമാണിത്. സന്ന്യാസിമാരെ ഒരിക്കലും മഹാത്മാക്കൾ എന്നു പറയുകയില്ല. വാസ്തവത്തിൽ ശ്രീകൃഷ്ണനാണ് മഹാത്മാവ് എന്നു പറയപ്പെടുന്നത്. കാരണം പവിത്രമാണ്. ദേവതകൾ സദാ പവിത്രമായിരിക്കുന്നു. ദേവതകളുടെത് പ്രവൃത്തീമാർഗ്ഗമാണ്, സന്യാസിമാരുടെത് നിവൃത്തീമാർഗ്ഗമാണ്. സ്ത്രീകൾക്ക് ഇതുപോലെ ബുദ്ധിമുട്ട് അനുഭവിക്കാൻ സാധിക്കില്ല. ഇപ്പോൾ കലിയുഗത്തിൽ എല്ലാം തന്നെ മോശമായിക്കഴിഞ്ഞു. സ്ത്രീകളേയും സന്യാസിമാരാക്കുന്നു. എന്നാൽ അവരുടെ പവിത്രതയിലാണ് ഭാരതം ഇപ്പോഴും നിലനിൽക്കുന്നത്. എങ്ങനെയാണോ പഴയ കെട്ടിടത്തിനെ മോടിപിടിപ്പിക്കുമ്പോൾ അത് പുതിയതായിത്തീരുന്നത്. ഈ സന്ന്യാസിമാരും ഇതുപോലെ ഭാരതത്തിനെ കുറച്ച് രക്ഷിക്കുന്നുണ്ട്. പക്ഷേ ബാബ പറയുന്നു അവരുടെ ധർമ്മം തന്നെ വേറെയാണ്, പവിത്രമാകുന്നവരുമുണ്ട്

ഭാരത ഖണ്ഢത്തിലാണ് ഇത്രയും ദേവീദേവതകളുടെ ക്ഷേത്രങ്ങളും ഭക്തിയും ഉള്ളത്. ഇതും ഒരു കളിയാണ് ഇതിന്റെ രഹസ്യത്തെക്കുറിച്ച് നിങ്ങൾക്കറിയാം. ഭക്തിമാർഗ്ഗത്തിൽ ഇതെല്ലാം ആവശ്യമാണ്. ഒരേയൊരു ശിവനു തന്നെ എത്രപേരാണ് വെച്ചിട്ടുള്ളത്. ഓരോ പേരിലും ക്ഷേത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾ ധാരാളം ക്ഷേത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ടല്ലോ ഇതിലൂടെയെല്ലാം തന്നെ വെറും അരക്കൽപ്പത്തെ സുഖം ലഭിക്കുന്നു. വളരെയധികം പൈസ ചിലവാക്കിയിട്ടും, ക്ഷേത്രത്തിലെ വിഗ്രഹങ്ങളെല്ലാം തന്നെ പൊട്ടിപ്പോകുന്നുമുണ്ട്. സത്യയുഗത്തിൽ ക്ഷേത്രത്തിന്റെ ആവശ്യമില്ല എന്നതും ഇപ്പോൾ സ്മൃതിയിലേക്ക് വന്നുകഴിഞ്ഞു അരക്കൽപ്പം ഭക്തി ഉണ്ടാകുന്നു, പിന്നീടുള്ള അരക്കൽപ്പത്തിൽ ഭക്തിയുടെ പേരു തന്നെ ഉണ്ടാകില്ല. വിവിധ ധർമ്മങ്ങളടങ്ങുന്ന കൽപ്പവൃക്ഷത്തിന്റെ സ്മൃതിയും ബാബ നൽകുന്നു. കേവലം കലിയുഗത്തിന്റെ ആയുസ്സ് തന്നെ നാൽപ്പതിനായിരം വർഷങ്ങളാണെങ്കിൽ പിന്നെ ക്രിസ്തുധർമ്മത്തിന്റെ ആയുസ്സും വളരെ അധികമാകും. ബാബ മനസ്സിലാക്കിത്തരുന്നു ക്രിസ്ത്യൻ ധർമ്മത്തിലുള്ളവർക്കും പരിധിയുണ്ട്. ക്രിസ്തു വന്ന് ഇത്ര സമയമായി, മറ്റുള്ള ധർമ്മസ്ഥാപകർ അവരവരുടെ സമയത്ത് വന്ന് ധർമ്മം സ്ഥാപിച്ചു, പക്ഷേ ഇവരെല്ലാം എപ്പോഴാണ് പോകുന്നത് എന്നതിനേക്കുറിച്ച് അറിയില്ല. കൽപ്പത്തിന്റെ ആയുസ്സിനെത്തന്നെ ദൈർഘ്യമാക്കിവച്ചു. ഇപ്പോൾ നിങ്ങൾക്ക് അറിയാം വിനാശത്തിന്റെ തയ്യാറെടുപ്പുകൾ നടന്നുകൊണ്ടിരിക്കുകയാണ്. അവരുടേത് സയൻസാണ്, നിങ്ങളുടേത് സൈലൻസും. നിങ്ങൾ എത്രത്തോളം സൈലൻസിൽ ഇരിക്കുന്നുവോ അത്രത്തോളം അവർ വിനാശത്തിനു വേണ്ടി നല്ലനല്ല

വസ്തുക്കളെ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. ഓരോ ദിവസം കൂടുന്തോറും സൂക്ഷ്മ രീതിയിലുള്ള വസ്തുക്കളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ബാബ നമുക്ക് വേണ്ടി പുതിയ ലോകം സ്ഥാപിക്കുവാൻ വന്നിരിക്കുകയാണ് എന്ന സന്തോഷം നിങ്ങളുടെ ഉള്ളിലുണ്ടാകണം. നമുക്കിപ്പോൾ ഈ പഴയ ലോകത്തിൽ ഇരിക്കേണ്ട ആവശ്യമില്ല. ബാബയുടെ അത്ഭുതമാണ്. ബാബാ, അങ്ങയുടെ സ്വർഗ്ഗത്തിന്റെ സ്ഥാപനതന്നെ ഒരു അത്ഭുതമാണ്... ഇപ്പോൾ നിങ്ങൾക്ക് മുഴുവൻ കാര്യങ്ങളും സ്മൃതിയിലേക്ക് വന്നു കഴിഞ്ഞു. മറ്റുള്ള മനുഷ്യർ രചയിതാവിനെക്കുറിച്ചും രചനയുടെ ആദി –മദ്ധ്യ– അന്ത്യത്തെക്കുറിച്ചും അറിയുന്നില്ല.എന്നാൽനിങ്ങൾക്കറിയാം.നിങ്ങളിപ്പോൾ പ്രകാശത്തിലാണ്. മനുഷ്യരാണെങ്കിൽ ഘോരമായ അന്ധകാരത്തിലാണ്. എത്ര വ്യത്യാസമാണുള്ളത്. ജ്ഞാനാഞ്ജനം സദ്ഗുരു നൽകി, അജ്ഞാനാന്ധകാരം വിനാശമായി... ഭക്തർക്ക് ജ്ഞാനത്തെക്കുറിച്ചറിയില്ല. ഇപ്പോൾ നിങ്ങൾ ഭക്തിയെക്കുറിച്ചും ജ്ഞാനത്തെക്കുറിച്ചും മനസ്സിലാക്കിക്കഴിഞ്ഞു. ഭക്തി എപ്പോഴാണ് ആരംഭിക്കുന്നത്, എപ്പോഴാണ് പൂർത്തിയാവുന്നത് എന്നീ മുഴുവൻ ജ്ഞാനവും സ്മൃതിയിലേക്ക് വന്നുകഴിഞ്ഞു. ബാബ എപ്പോൾ ജ്ഞാനം നൽകുന്നു, അതെപ്പോൾ പൂർത്തിയാവുന്നു, സർവ്വകാര്യങ്ങളും സ്മൃതിയിൽ ഉണ്ട്. നമ്പർവൈസായാണ് സ്മൃതിയിൽ ഇരിക്കുന്നത്. ചിലർക്ക് നല്ല രീതിയിൽ ഓർമ്മയിലുണ്ട്. ചിലർക്ക് കുറവാണ്. ആരാണോ വളരെയധികം സ്മൃതിയിൽ ഇരിക്കുന്നത്, അവർക്ക് ഉയർന്ന പദവി ലഭിക്കും. സ്മൃതിയിൽ ഉണ്ടെങ്കിൽ മാത്രമേ മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കൂ. അത്ഭുതകരമായ സ്മൃതിയല്ലേ. മുമ്പ് നിങ്ങളുടെ ബുദ്ധിയിൽ എന്താണുണ്ടായിരുന്നത്.ഭക്തി, ജപം, തപം, തീർത്ഥയാത്ര.. എവിടെപ്പോയാലും ശിരസ്സ് നമിക്കുക, മുഴുവൻ ജീവിതവും വ്യർത്ഥമായി. ഭക്തിയുടെ സ്മൃതിയിലും, ജ്ഞാനത്തിലും തമ്മിൽ എത്ര വ്യത്യാസമാണ് ഉള്ളത്. നിങ്ങൾ ഇപ്പോൾ ഭക്തിയെക്കുറിച്ച് അറിയുന്നു കാരണം ആരംഭത്തിൽ തന്നെ ഭക്തി ചെയ്തുതുടങ്ങിയിട്ടുണ്ട്. നമ്മൾ ആദ്യമാദ്യം ശിവന്റെ ഭക്തിയാണ് ചെയ്തത്, മറ്റാരുടെയും തന്നെ സ്മൃതിയിൽ ഈ കാര്യങ്ങളില്ല, നിങ്ങൾക്ക് രചനയുടെ ആദ്യ– മദ്ധ്യ– അന്ത്യത്തിന്റെയും, ഭക്തിയുടെയും സ്മൃതിയുണ്ട്. അരക്കൽപ്പത്തോളമായി ഭക്തി ചെയ്ത്–ചെയ്ത് താഴേക്ക് വീണു

ഇപ്പോൾ ദുഖത്തിന്റെ പർവ്വതം വീഴാൻ പോകുന്നു. നിങ്ങൾ കുട്ടികൾക്ക് പുരുഷാർത്ഥം ചെയ്യണം. ഇത് വീഴുന്നതിനു മുൻപായിത്തന്നെ നമുക്ക് ഓർമ്മയുടെ യാത്രയിലൂടെ വികർമ്മത്തെ നശിപ്പിക്കണം. എല്ലാവർക്കും നിങ്ങൾ ഇതു തന്നെ മനസ്സിലാക്കിക്കൊടുക്കണം, നിങ്ങളുടെ അടുത്തേക്ക് ആയിരക്കണക്കിന് ആളുകൾ വരുന്നു. നിങ്ങൾ തന്റെ സഹോദരീസഹോദരന്മാർക്ക് വഴി പറഞ്ഞുകൊടുക്കാൻ പ്രയത്നിക്കുന്നു. ജ്ഞാനത്തെക്കുറിച്ചും ഭക്തിയെക്കുറിച്ചുമുള്ള സ്മൃതി ഉണർന്നു കഴിഞ്ഞു. അതായത് നിങ്ങൾ മുഴുവൻ ഡ്രാമയെയും നമ്പർവൈസ് പുരുഷാർത്ഥമനുസരിച്ച് മനസ്സിലാക്കിക്കഴിഞ്ഞു. ആര് എത്ര നല്ല രീതിയിലാണോ മനസ്സിലാക്കുന്നത് അവർക്ക് മനസ്സിലാക്കിക്കൊടുക്കാനും സാധിക്കുന്നു. നിങ്ങൾ കുട്ടികൾ തന്നെയാണ് മറ്റുള്ളവർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടത്. ഇങ്ങനെയൊരു മഹിമയുമുണ്ട്, മകനിലൂടെ അച്ഛന്റെ പ്രത്യക്ഷത. ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു കുട്ടികൾ പിന്നീട് തന്റെ സഹോദരങ്ങൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ആത്മാക്കൾക്കാണ് മനസ്സിലാക്കിക്കൊടുക്കുന്നത്. ഭക്തിയിൽ നിന്നും ഈ ജ്ഞാനം തികച്ചും വേറിട്ടതാണ്. ഇങ്ങനെ പറയാറുണ്ട് – ഒരു ഭഗവാൻ വന്ന് എല്ലാ ഭക്തർക്കും ഫലം നൽകുന്നു. കൽപ്പകൽപ്പത്തിലെ ഈ ജ്ഞാനം ഇപ്പോൾ നിങ്ങളിലുണ്ട്, സത്യയുഗത്തിൽ ഈ ജ്ഞാനം ഉണ്ടാവില്ല. നിങ്ങൾ പതിതമായതിനാൽ പാവനമാക്കുന്നതിനുവേണ്ടി ബാബ നിങ്ങളുടെ മേൽ എത്രയാണ് പ്രയത്നിക്കുന്നത്. അതുകൊണ്ടാണ്– സമർപ്പണമാകണം... ബലയർപ്പണമാകണം.. എന്നെല്ലാമുള്ള മഹിമയുള്ളത്. ആരുടെമേൽ സമർപ്പണമായിത്തീരണം? ബാബയുടെ മേൽ. പിന്നീട് ബാബ ഉദാഹരണം പറഞ്ഞു തരുന്നു– ബ്രഹ്മാബാബ എങ്ങനെ സമർപ്പണമായോ അതുപോലെ ബ്രഹ്മാബാബയാകുന്ന മാതൃകയെ അനുകരിക്കൂ. ഇവർതന്നെയാണ് പിന്നീട് ലക്ഷ്മീനാരായണനായിത്തിരുന്നത്. ഇത്രയ്ക്കും ഉയർന്ന പദവി നേടണമെങ്കിൽ ഇതുപോലെ സമർപ്പണമായിത്തീരണം എന്നാണർത്ഥം.. ധനവാന്മാർക്കൊരിക്കലും സമർപ്പണമാവാൻ സാധിക്കില്ല. ഇവിടെ സർവ്വതും സ്വാഹാ ചെയ്യേണ്ടിവരും. ധനവാന്മാർക്ക് അവരുടെ ധനത്തെക്കുറിച്ചുള്ള സ്മൃതിയുണ്ടാകും. ഇങ്ങനെ പറയാറുണ്ട് അന്തിമ സമയത്ത് ആര് പത്നിയെ സ്മരിച്ചുവോ... ഇത്രയും പൈസയെല്ലാം എന്തു ചെയ്യാനാണ്. ആർക്കും ലഭിക്കുകയില്ല. കാരണം സർവതും നശിക്കാനുള്ളതാണ്. ബാബയും അത് നേടിയിട്ട് എന്തു ചെയ്യാനാണ്. ശരീരസഹിതം സർവ്വതും നശിക്കണം. താങ്കളും മരിച്ചു താങ്കളോടോപ്പം ഈ ലോകവും മരിച്ചു. ഈ ധനമൊന്നും തന്നെ അവശേഷിക്കുകയില്ല. ബാക്കി ഗരുഡ പുരാണത്തിലെല്ലാം പേടിപ്പിക്കുന്നതിനു വേണ്ടി ഭയാനകമായ കാര്യങ്ങളാണ് എഴുതിയിരിക്കുന്നത്..

ബാബ പറയുന്നു ഈ ശാസ്ത്രങ്ങളെല്ലാം ഭക്തി മാർഗ്ഗത്തിലേതാണ്. അരക്കൽപ്പം ഭക്തിമാർഗ്ഗമാണ് ഉണ്ടാകുന്നത്, എപ്പോൾ മുതൽക്കാണോ രാവണരാജ്യം ആരംഭിക്കുന്നത് അപ്പോൾ ഭക്തി ആരംഭിക്കുന്നു. രാവണനെ എപ്പോൾ മുതലാണ് കത്തിക്കാൻ ആരംഭിച്ചതെന്ന് ആരോടെങ്കിലും ചോദിച്ചുനോക്കൂ? അപ്പോൾ ഇത് പരമ്പരാഗതമായിത്തുടരുന്നതാണ് എന്നാണ് പറയുക. പരമ്പരാഗതമായൊന്നും രാവണൻ

ഉണ്ടാകുന്നില്ല. അറിയാത്തതുകൊണ്ടാണ് പരമ്പരാഗതമായി എന്ന ശബ്ദം ഉപയോഗിക്കുന്നത്. നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ സ്മൃതിയുണർന്നു- എപ്പോൾ മുതൽ രാവണരാജ്യം ആരംഭിച്ചുവെന്നും, രചയിതാവിനെക്കുറിച്ചും, രചനയുടെ രഹസ്യത്തെക്കുറിച്ചും നിങ്ങൾ മനസ്സിലാക്കി. ഇപ്പോൾ ബാബ പറയുന്നു- കുട്ടികളേ, എന്നെ മാത്രം ഓർമ്മിക്കൂ... എങ്കിൽ പാപം നശിക്കും. പരസ്പരം മറ്റുള്ളർക്കും ഈയൊരു മുന്നറിയിപ്പ് നൽക്കൊണ്ടിരിക്കൂ. പരസ്പരം നടക്കാനിറങ്ങുമ്പോഴും ഈയൊരു കാര്യത്തെക്കുറിച്ച് സംസാരിക്കൂ. നിങ്ങൾ കൂട്ടത്തോടെ ഈ ഓർമ്മയുടെ അവസ്ഥയിൽ കറങ്ങുകയാണെങ്കിൽ നിങ്ങളിലൂടെ ശാന്തിയുടെ പ്രഭാവം വളരെ നല്ല രീതിയിൽ ഉണ്ടാകും. പള്ളിയിലെ പുരോഹിതന്മാർ വളരെ ശാന്തിയോടെ ക്രിസ്തുവിന്റെ ഓർമ്മയിൽ നടക്കാൻ ഇറങ്ങുന്നു. ആരെയും നോക്കുന്നില്ല. നിങ്ങൾക്കിവിടെ വളരെയധികം ഓർമ്മയിൽ ഇരിക്കാൻ സാധിക്കും. ജോലിയോ,വേലയോ ഒന്നും തന്നെയില്ല. വളരെ നല്ല വായുമണ്ഡലമാണ്. പുറം ലോകത്ത് മോശമായ വായുമണ്ഡലമാണുള്ളത്. അതുകൊണ്ടാണ് സന്യാസിമാരുടെ ആശ്രമം പോലും വളരെ ദൂരസ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്നത്. നിങ്ങളുടേത് പരിധിയിലാത്ത സന്യാസമാണ്.. പഴയ ലോകം ഇപ്പോൾ നശിച്ചു കഴിഞ്ഞു. ഈ ശ്മശാനം ഇപ്പോൾ വീണ്ടും സ്വർഗ്ഗമായിത്തീരുകയാണ്. അവിടെ വജ്ര-വൈഢൂര്യങ്ങളുടെ കൊട്ടാരം ഉണ്ടാവുന്നു. ഈ ലക്ഷ്മീ നാരായണന്മാർ സ്വർഗ്ഗത്തിന്റെ അധികാരികളായിരുന്നു പക്ഷേ ഇപ്പോഴല്ല. ബാബ പറയുന്നു ഞാൻ കൽപ്പ കൽപ്പത്തിലെ ഈ സംഗമയുഗത്തിലാണ് വരുന്നത്. ഈ ചക്രം വീണ്ടും ആവർത്തിക്കുന്നു. ഈ സമയത്ത് നിങ്ങൾക്ക് എല്ലാം സ്മൃതിയിലേക്ക് വന്നു കഴിഞ്ഞു, ബാബ നിങ്ങൾക്ക് എല്ലാ സ്മൃതിയും ഉണർത്തിത്തന്നു. ആദ്യം നിങ്ങളുടെ ബുദ്ധിയിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഈ സ്മൃതിയുടെ ലഹരിയിൽ എപ്പോഴാണോ ഇരിക്കുന്നത് അപ്പോൾ മറ്റുള്ളവർക്കും ഇതേ സന്തോഷത്തോടെ മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും. ഇതെല്ലാം സ്മൃതിയിൽ നിലനിർത്തിക്കൊണ്ടുതന്നെ നിങ്ങൾക്ക് ഗൃഹസ്ഥത്തെയും സംരക്ഷിക്കണം. ശരി.

സദാ സ്മൃതിയുടെ ലഹരിയിൽ ഇരിക്കുന്ന മധുരമധുരമായ ആത്മീയകുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർക്കാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയകുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം-

1. ഡ്രാമയുടെ ആദി -മദ്ധ്യ -അന്ത്യത്തെ നല്ല രീതിയിൽ മനസ്സിലാക്കി, സ്മൃതിയിൽ വച്ച് മറ്റുള്ളവർക്കും സ്മൃതി ഉണർത്തിക്കൊടുക്കണം. ജ്ഞാനാഞ്ജനം നൽകി അജ്ഞാനാന്ധകാരത്തെ ദൂരീകരിക്കണം.

2. ബ്രഹ്മാബാബയ്ക്കു സമാനം സമർപ്പണമാകുന്ന കാര്യത്തെ പൂർണ്ണമായും അനുകരിക്കണം. ശരീരസഹിതം സർവ്വതും നശിക്കാനുള്ളതാണ്. അതുകൊണ്ട് അതിനുമുമ്പായി ജീവിച്ചിരിക്കെ മരിക്കണം. അതായത് അന്തിമസമയത്ത് ഒന്നും തന്നെ ഓർമ്മവരരുത്.

## വരദാനം- വിശേഷതകളുടെ സംസ്ക്കാരത്തെ സ്വാഭാവിക സംസ്ക്കാരമാക്കുകയും, സാധാരണതയെ സമാപ്തമാക്കുകയും ചെയ്യുന്ന മർജീവാ ആയി ഭവിക്കട്ടെ.

സ്വാഭാവികമായ സ്വഭാവം എന്താണോ അത് താനെ പുറത്തുവരികതന്നെ ചെയ്യും.അവിടെ പ്രത്യേകിച്ചൊരു ചിന്തയുടേയോ,പ്രവർത്തിയുടേയോ കാര്യം വരുന്നില്ല.സംസ്ക്കാരം തന്റെ ജോലി താനെ ചെയ്തുകൊള്ളും.അതുപോലെതന്നെ മർജീവാ ആത്മാക്കളുടെ സ്വഭാവവും വിശേഷആത്മാക്കളുടെ വിശേഷതകളാൽ നിറഞ്ഞതായിരിക്കും.വിശേഷതകൾ നിറഞ്ഞ സ്വഭാവം നാചുറൽ ആയി മാറുകയും,ഇതെന്റെ സ്വഭാവമാണ് എന്നുപറയുന്ന ശീലം ഓരോ ആത്മാക്കളുടെയും ഹൃദയത്തിൽ നിന്നും ഇല്ലാതാകുകയും ചെയ്യണം.സാധാരണത കഴിഞ്ഞകാലത്തെ സ്വഭാവമാണ്,ഇപ്പോഴത്തേതല്ല എന്തെന്നാൽ ഇപ്പോൾ നമ്മൾ പുതിയജന്മം എടുത്തിരിക്കയാണ്.അതിനാൽ പുതിയ ജന്മത്തിന്റെ സ്വഭാവം വിശേഷതകൾ നിറഞ്ഞതാണ്,സാധാരണമല്ല.

## സ്ലോഗൻ:- റോയൽ ആയവർ സദാ രത്നങ്ങൾ കൊണ്ടുകളിക്കുന്നവരാണ്,അല്ലാതെ കല്ലുകൾകൊണ്ട് കളിക്കുന്നവരല്ല.